**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1222** **01-02-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് തൃശ്ശൂർ നിയോജക മണ്ഡലത്തിൽ കെട്ടിടം, നിരത്ത്, പാലങ്ങൾ, മെയ്ന്റനൻസ് വിഭാഗങ്ങൾക്ക് അനുവദിച്ച പ്രവൃത്തികളുടെയും തുകയുടെയും വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുമോ? | (എ) | **നിരത്ത് പരിപാലനം**<br><br>അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു<br><br>**ആർ.ബി.ഡി.സി.കെ**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൃശ്ശൂർ മണ്ഡലത്തിലെ പൂങ്കുന്നം റെയിൽവേ സ്റ്റേഷനോട് ചേർന്നുള്ള എൽ.സി. നം. 19 ന് പകരമായി മേൽപ്പാലം നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് GO (Rt) NO.1479/2023/PWD dated 16.11.2023 പ്രകാരം മേൽപ്പാലം നടപ്പാക്കുന്ന ഏജൻസിയായി ആർ.ബി.ഡി.സി.കെ. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>**നിരത്തുകൾ**<br><br>അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിനു കീഴിൽ തൃശ്ശൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **റോഡുകളുടെ എണ്ണം** | **റോഡുകളുടെ നീളം** | **അനുവദിച്ച തുക** | **നിലവിലെ സ്ഥിതി** |
|---|---|---|---|---|
| റണ്ണിംഗ് കോൺട്രാക്ട് പ്രവർത്തികൾ - 2021-22 | 5 | 3.935 കി.മീ. | 11.09 ലക്ഷം | പ്രവർത്തി പൂർത്തീകരിച്ചു |
| റണ്ണിംഗ് കോൺട്രാക്ട് പ്രവർത്തികൾ - 2023-24 | 2 | 1.82 കി.മീ. | 6.7 ലക്ഷം | പ്രവർത്തി പുരോഗമിക്കുന്നുണ്ട്. |

**<u>അനുബന്ധം 2</u>**

| നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ബജറ്റ് പ്രവൃത്തി 22-23 കരിയചിറ അഞ്ചേരി റോഡ് 0/000 മുതൽ 2/424 വരെ BM&BC ഉപയോഗിച്ച് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി. | 400 | പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുന്നു. |
| 2 | ബജറ്റ് പ്രവൃത്തി 23-24 ബിഷപ്പ് പാലസ് റോഡ് CH 0/700 ജംങ്ഷൻ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി. | 1000 | ഇൻവെസ്റ്റ്ഗേഷൻ & അതിർത്തി നിർണ്ണയ പ്രവൃത്തികൾക്കായി സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. |
| 3 | വിയ്യൂർ താണിക്കുടം റോഡിൽ പോലീസ് അക്കാദമിക്കു മുൻവശമുള്ള കാനയുടെ നിർമ്മാണം | 14.30 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |